ഭരണഭാഷ മാതൃഭാഷ

നം.ആർ.1/Misc/2017/കോ:വി:വ:

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ
തിരുവനന്തപുരം -33
തീയതി: 21/08/2017

## സർക്കുലർ

വിഷയം-കോ.വി.വ-വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭിക്കുന്നില്ലെന്ന പരാതികൾ സംബന്ധിച്ച്

സൂചന-1) 18/05/17 തീയതിയിലെ ആർ.1/misc/2017/ കോ.വി.വ നം.സർക്കുലർ
2)30/03/2017 തീയതിയിലെ സി2/46/2017/ഉ.വിവ. നം.സർക്കാർ കത്ത്

2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്കോളർഷിപ്പ് ലഭിക്കാത്തതുസംബന്ധിച്ച് വിദ്യാർത്ഥികളുടെ വളരെയധികം പരാതികൾ ലഭിച്ചിരുന്നു. വിദ്യാർത്ഥികൾ യഥാസമയം ഓൺലൈനായി അപേക്ഷ സമർപ്പിക്കാത്തതും സ്ഥാപന മേധാവികൾ യഥാസയമം വെരിഫിക്കേഷനും അപ്രൂവലും നൽകാത്തതുമായിരുന്നു പ്രസ്തുത സാഹചര്യം സൃഷ്ടിച്ചത്. തുടർന്ന് സ്ഥാപന മേധാവികളുടെ വീഴ്ചകാരണം വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ലഭ്യമാകാതെ വരുന്നത് സ്ഥാപന മേധാവികളുടെ മാത്രം ഉത്തരവാദിത്വമായിരിക്കുമെന്നും ആയത് അവരുടെ ബാദ്ധ്യതയായി കണക്കാക്കും എന്നും സൂചന പ്രകാരമുള്ള സർക്കുലർ മുഖേന അറിയിച്ചിരുന്നു.

2017-18 ലെ വിജ്ഞാപന പ്രകാരമുള്ള സ്റ്റാറ്റസ് പരിശോധിച്ചതിൽ വിദ്യാർത്ഥികളുടെ അപേക്ഷകളിൽ വെരിഫിക്കേഷനും അപ്രൂവലും നടത്താനുള്ള സ്ഥാപനങ്ങൾ നിരവധിയാണ്. നോട്ടിഫിക്കേഷൻ പ്രകാരം ഓൺലൈനായി അപേക്ഷ സമർപ്പിക്കുവാൻ വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകുവാനും സമയബന്ധിതമായി വെരിഫിക്കേഷനും അപ്രൂവലും നൽകുവാനും സ്ഥാപനമേധാവികൾ പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

സ്കോളർഷിപ്പ് സ്പെഷ്യൽ ഓഫീസർ

കോപ്പി- എല്ലാ വിദ്യാഭ്യാസ സ്ഥാപനമേധാവികളുടെയും അറിവിലേക്കും
തുടർ നടപടികൾക്കുമായി

എസ്.എസ്- 21/8/17